# കേര കർഷകരുടെ പ്രതിസന്ധിക്ക് പരിഹാരം 'നീര' -മുഖ്യമന്ത്രി

**കൊച്ചി:** സംസ്ഥാനത്തെ കേര കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമാകാൻ 'നീര'യുടെ ഉൽപാദനം വഴിയൊരുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. നീര ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസ് ഫെഡറേഷനുകൾക്ക് കൈമാറുന്ന ചടങ്ങ് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. റബർ, തെങ്ങ്, നെല്ല് തുടങ്ങിയ പ്രധാന കൃഷികളെല്ലാം പല വിധത്തിലുള്ള പ്രതിസന്ധികളെ നേരിട്ടപ്പോൾ സംസ്ഥാനം സാമ്പത്തികമായി തളർന്നിട്ടുണ്ട്. എന്നാൽ നീരയുടെ ഉൽപാദനം ആരംഭിച്ചതോടെ കേര കർഷകർ നേരിടുന്ന പ്രതിസന്ധി അവസാനിക്കുകയും അവരുടെ സാമ്പത്തിക നില മെച്ചപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതുവരെ നടപ്പാക്കിയ പദ്ധതികളിൽ തനിക്ക് ഏറ്റവുമധികം സംതൃപ്തി ലഭിച്ച ഒന്നാണ് നീര ഉൽപാദന പദ്ധതിയെന്നും 100 കൊല്ലത്തിലധികം പഴക്കം വരുന്ന അബ്കാരി നിയമത്തിന് മാറ്റം വരുത്തി എടുത്ത തീരുമാനം കർഷകർക്ക് ഏറെ പ്രയോജനപ്രദമാണെന്നും അദ്ദേഹം പറഞ്ഞു. ജില്ലകളെ പ്രതിനിധീകരിച്ച് ഒമ്പത് ഫെഡറേഷൻ പ്രതിനിധികൾക്ക് മുഖ്യമന്ത്രി ലൈസൻസ് കൈമാറി. ഇതോടെ ജില്ലയിൽ നീര ഉൽപാദിപ്പിക്കുന്ന ഫെഡറേഷനുകളുടെ എണ്ണം 309 ആയി.

ചടങ്ങിൽ നീര സംസ്കരണ പ്ലാൻറിനുള്ള സബ്സിഡി വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. മന്ത്രി കെ. ബാബു അധ്യക്ഷത വഹിച്ചു. നീരയിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ വിതരണം കെ.വി. തോമസ് എം.പി നിർവഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ആമുഖ പ്രഭാഷണം നടത്തി. എം.എൽ.എമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസൻേറഷൻ, ബെന്നി ബഹനാൻ, ലൂഡി ലൂയിസ്, കൊച്ചി മേയർ ടോണി ചമ്മണി, ഹോർട്ടി കോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടി, ജോയൻറ് എക്സൈസ് കമീഷണർ ഡി. സന്തോഷ്, നീര കർഷകരുടെ പ്രതിനിധി ബാബു ജോസഫ്, എസ്.സി.എം.എസ് ബയോ സയൻസ് ഗവേഷണ വിഭാഗം ഡയറക്ടർ സി. മോഹൻകുമാർ തുടങ്ങിയവർ സംബന്ധിച്ചു.